LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) എസ്.എൻ.ഡി.പി. യോഗം ജനറൽ സെക്രട്ടറി ശ്രീ. വെള്ളാപ്പള്ളി നടേശനെതിരെ മൈക്രോ ഫിനാൻസ് തട്ടിപ്പ് നടത്തിയെന്ന പരാതിയിന്മേൽ അന്വേഷണം ക്രൈം ബ്രാഞ്ച് വിഭാഗം നടത്തിവരുന്നു. തിരുവനന്തപുരം ക്രൈംബ്രാഞ്ച് എച്ച്.എച്ച്.ഡബ്ല്യു-1 പോലീസ് സൂപ്രണ്ട് ശ്രീ. ജി. ശ്രീധരൻ ഐ.പി.എസ്. -ന്റെ നേതൃത്വത്തിൽ ഇൻസ്പെക്ടർ ശ്രീ. റജി എബ്രഹാം, സബ് ഇൻസ്പെക്ടർമാരായ ശ്രീ. എ.റ്റി. ഹരികുമാർ, ശ്രീ. രാജേഷ് കുമാർ, ശ്രീ. ബോസ് എന്നിവരും, എസ്.സി.പി.ഒ. മാരായ ശ്രീ.ഹരികുമാർ, ശ്രീ. ജോണിച്ചൻ. സി.പി.ഒ. ശ്രീ. പ്രജീവ് എന്നിവരടങ്ങുന്നതാണ് അന്വേഷണസംഘം. ഇതിനുപുറമേ പത്തനംതിട്ട ജില്ലയിൽ റിപ്പോർട്ടായ ഇത്തരത്തിലുള്ള പരാതികൾ അടൂർ സർക്കിൾ ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ അടൂർ എസ്.ഐ., കോന്നി എസ്.ഐ. പന്തളം അഡീഷണൽ എസ്.ഐ., അടൂർ സി.ഐ. ഓഫീസ് എസ്.ഐ. എന്നിവരും, 3 സീനിയർ സിവിൽ പോലീസ് ഓഫീസർമാരും ചേർന്ന ഒരു ടീം അന്വേഷിച്ചു വരുന്നു.

(ബി) കേരള പിന്നോക്ക വികസന കോർപ്പറേഷൻ, വിവിധ ദേശസാൽകൃത/ഷെഡ്യൂൾഡ് ബാങ്കുകൾ എന്നിവയിൽനിന്നും കുറഞ്ഞ പലിശയ്ക്ക് വായ്പ എടുത്ത് കൂടിയ പലിശയ്ക്ക് സംഘങ്ങൾക്കും വ്യക്തികൾക്കും വിതരണം ചെയ്ത് തട്ടിപ്പ് നടത്തി എന്നുള്ളതാണ് പരാതികൾ. എത്ര ശതമാനം പലിശയ്ക്കാണ് വായ്പ എടുത്തത് അവ എത്ര ശതമാനം പലിശയ്ക്കാണ് നൽകിയതെന്ന വിവരം സംബന്ധിച്ച് അന്വേഷണം നടത്തി വരികയാണ്.

(സി&ഡി) അന്വേഷണം നടന്നു വരുന്നു.

(ഇ) ഇത് സംബന്ധിച്ച് കേസുകളൊന്നും രജിസ്റ്റർ ചെയ്തിട്ടില്ല.

മത്സ്യത്തൊഴിലാളികളെ കൊലപ്പെടുത്തിയ കേസിൽ കൈക്കൊണ്ട നടപടികൾ

215 (223) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടണക്കാട് സ്വദേശികളും മത്സ്യത്തൊഴിലാളികളുമായിരുന്ന ജോൺസൺ, സുബിൻ എന്നിവരെ 13-11-2015-ൽ ഒറ്റമശ്ശേരിയിൽ വച്ച്കവട്ടേഷൻ സംഘം ടിപ്പർ ലോറിയിടിച്ച് കൊലപ്പെടുത്തിയ കേസിൽ പ്രതികൾക്കെതിരെ കൈക്കൊണ്ട നടപടികൾ വിശദമാക്കുമോ ; ഈ കേസിൽ എത്രപേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്, പ്രതികളാരെന്ന് വളരെ വ്യക്തമായ സാഹചര്യത്തിൽ അറസ്റ്റ് വൈകിപ്പിക്കുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ;

(ബി) നിർദ്ധനരായ രണ്ട് മത്സ്യത്തൊഴിലാളികളെ ദാരുണമായി കൊലപ്പെടുത്തിയ ഈ സംഭവത്തിന് കാരണമായ സംഭവങ്ങളും അന്ധകാരനഴി മേഖലയിലെ കൃട്ടേഷൻ-ഗ്രൂപ്പ് ഭീഷണി ജനജീവിതത്തിന് ഉണ്ടാക്കുന്ന ബുദ്ധിമുട്ടുകളും പരാതിയായി നൽകിയതിന്റെ അടിസ്ഥാനത്തിൽ പോലീസ് കൈക്കൊണ്ട നടപടികൾ വ്യക്തമാക്കുമോ ; ഇതിന്റെ അടിസ്ഥാനത്തിൽ എത്രപേരെ എന്നെല്ലാം ചോദ്യം ചെയ്തിരുന്നുവെന്നും എത്രപേരെ അറസ്റ്റ് ചെയ്തുവെന്നും വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പരാതിയിൽ നടപടികൾ സ്വീകരിക്കാതെ വീഴ്ചവരുത്തുകയും രണ്ട് പാവപ്പെട്ട മത്സ്യതൊഴിലാളികളെ ക്രൂരമായി കൊലചെയ്യാൻ അവസരമുണ്ടാക്കുകയും ചെയ്ത പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 13-11-2015 തീയതി പട്ടണക്കാട് പോലീസ് സ്റ്റേഷൻ അതിർത്തിയിൽപ്പെട്ട ഒറ്റമശ്ശേരി എന്ന സ്ഥലത്ത് വച്ച് ഷിജി എന്ന് വിളിക്കുന്ന ജോൺസനേയും സുബിൻ എന്ന് വിളിക്കുന്ന ജസ്റ്റിനേയും മുൻ വൈരാഗ്യം നിമിത്തം ലോറി ഇടിപ്പിച്ച് കൊലപ്പെടുത്തിയ സംഭവം സംബന്ധിച്ച് പട്ടണക്കാട് പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 1090/2015 u/s 143, 147, 148, 149, 302 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്യുകയും ടി കേസിലെ മൂന്നാം പ്രതിയും വാഹനത്തിന്റെ ലോറി ഡ്രൈവറുമായ സിബുവിനേയും കൃത്യത്തിനുപയോഗിച്ച KL02 AN 5563-ാം നമ്പർ ലോറി സഹിതം അന്നേ ദിവസംതന്നെ പിടികൂടി അറസ്റ്റ് രേഖപ്പെടുത്തിയിട്ടുള്ളതും ബഹു. കോടതി 14 ദിവസത്തേയ്ക്ക് റിമാന്റ് ചെയ്തിട്ടുള്ളതുമാണ്. ടി കേസിൽ 1. ജേക്കബ് മകൻ പോൾസൺ, 2. ടിയാന്റെ സഹോദരൻ ടാലിഷ്, 3. പുരുഷൻ മകൻ ഉമ്പി എന്നും കമ്മട്ടി എന്നും വിളിക്കുന്ന സിബു, 4. അശോകൻ മകൻ അജേഷ്, 5. അശോകൻ മകൻ വിജേഷ് എന്നിവർ നേരിട്ട് കുറ്റകൃത്യത്തിൽ ഏർപ്പെട്ടിട്ടുണ്ടെന്ന് വെളിവായിട്ടുണ്ട്. 1 മുതൽ 5 വരെ പ്രതികളിൽ മൂന്നാം പ്രതി ഒഴികെയുള്ളവർ ഒളിവിലായതിനാൽ അറസ്റ്റ് ചെയ്യാൻ സാധിച്ചിട്ടില്ല. പ്രതികളെ കണ്ടെത്തി അറസ്റ്റ് ചെയ്യുന്നതിനായി കത്തിയതോട് പോലീസ് ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ പതിനഞ്ചംഗ സ്ക്വാഡ് രൂപീകരിച്ചിട്ടുള്ളതാണ്. ഇതിൽ മൂന്നാം പ്രതി ഒഴികെയുള്ളവരെ ഒളിവിൽ കഴിയുന്നതിനും രക്ഷപ്പെടുന്നതിനും സഹായിച്ചിട്ടുള്ളവരുമായ നാരായണൻ മകൻ ബിജിലാൽ, പ്രകാശൻ മകൻ അനിൽ, പ്രകാശൻ മകൻ സനൽകുമാർ എന്നിവരെ യഥാക്രമം 6 മുതൽ 8 വരെ ടി കേസിൽ പ്രതികളാക്കിയിട്ടുള്ളതും അറസ്റ്റ് ചെയ്തിട്ടുള്ളതുമാണ്. പ്രതികളെ കണ്ടെത്തി അറസ്റ്റ് ചെയ്യുന്നതിനുള്ള ഊർജ്ജിതമായ അന്വേഷണം അന്യസംസ്ഥാനങ്ങളിൽ ഉൾപ്പെടെ നടത്തിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതു സംബന്ധിച്ച് ചേർത്തല ഡി.വൈ.എസ്.പി.ക്കും കത്തിയതോട് സർക്കിൾ ഇൻസ്പെക്ടർക്കും ലഭിച്ച പരാതിയിന്മേൽ അന്വേഷണം നടത്തിയിട്ടുള്ളതും 9-11-2015 തീയതി പരാതിക്കാരേയും സമീപവാസിയേയും കണ്ട് ചോദിച്ചിട്ടുള്ളതും വിവരങ്ങൾ ആരാഞ്ഞിട്ടുള്ളതുമാണ്. എന്നാൽ പ്രസ്തുത പരാതിയിലെ എതിർകക്ഷികളായ പോൾസണേയും ടാലിഷിനെയും നേരിൽ കാണുവാൻ സാധിച്ചിട്ടില്ലാത്തതും ടിയാൻമാരുടെ വാസസ്ഥലം പൂട്ടിക്കിടക്കുന്നതായി കാണപ്പെടുകയും ചെയ്തു. ടി പരാതി സംബന്ധിച്ച് ആരെയും തന്നെ അറസ്റ്റ് ചെയ്തിട്ടില്ല.

(സി) പ്രസ്തുത പരാതികളുടെ അന്വേഷണവുമായും തുടർന്നുള്ള സംഭവങ്ങളുമായും ബന്ധപ്പെട്ട് പോലീസിന്റെ ഭാഗത്തുനിന്നും എന്തെങ്കിലും വീഴ്ച സംഭവിച്ചിട്ടുണ്ടോ എന്നുള്ള സമഗ്രമായ അന്വേഷണം നടത്തുന്നതിന് ജില്ലാ സ്പെഷ്യൽ ബ്രാഞ്ച് ഡി.വൈ.എസ്.പി. യെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

രാജമ്മ സമർപ്പിച്ച പരാതി

216 (228) <u>ശ്രീമതി ജമീലാ പ്രകാശം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെയ്യാറ്റിൻകര താലൂക്കിൽ പൊഴിയൂർ മണലിവിള വീട്ടിൽ എസ്. രാജമ്മ, സമർപ്പിച്ച പരാതിയുടെ അടിസ്ഥാനത്തിൽ CBCID OCW-1 സൂപ്രണ്ട് ഓഫ് പോലീസ് അന്വേഷണം നടത്തി എ.ഡി.ജി.പി. ക്രൈംസിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് സഭയുടെ മേശപ്പുറത്ത് വയ്ക്കാമോ ;

(സി) പ്രസ്തുത റിപ്പോർട്ടിന്മേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) നെയ്യാറ്റിൻകര താലൂക്കിൽ പൊഴിയൂർ മണലിവിള വീട്ടിൽ എസ്. രാജമ്മ സമർപ്പിച്ച പരാതിയുടെ അടിസ്ഥാനത്തിൽ CBCID OCW-1 പോലീസ് സൂപ്രണ്ട് അന്വേഷണം നടത്തി എ.ഡി.ജി.പി. ക്രൈംസിന് റിപ്പോർട്ട് നൽകിയിട്ടുണ്ട്.

(ബി) റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ക്രിമിനൽ നടപടി നിയമം 173 (8) വകുപ്പ് പ്രകാരം ഈ കേസിന്റെ പുനരന്വേഷണം നടത്തുന്നതിന് ഉപോദ്ബലകമായ പുതിയ തെളിവുകളൊന്നും ലഭിച്ചിട്ടില്ലാത്തതിനാൽ പുനരന്വേഷണം നടത്തുന്നത് പ്രായോഗികമല്ല എന്ന വിവരം പരാതിക്കാരിയെ അറിയിച്ചിട്ടുള്ളതാണ്.

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly